# സ്വഹാബത്തിനോടുള്ള വിശ്വാസീ നിലപാട്

## ശൈഖ് മുഹമ്മദ് സ്വലാഹ് മുഹമ്മദ് അസ്സ്വാവി

വിവ. കബീർ എം. പറളി

1. ദീനിലെ അംഗീകൃത നേതാക്കൾ

സച്ചരിതരായ സ്വഹാബികളെ സംബന്ധിച്ച് വിശ്വാസികളുടെ സമീപനം എന്തായിരിക്കുമെന്ന് വിശുദ്ധ ഖുർആൻ വിശദീകരിച്ചിട്ടുണ്ട്. ഇസ്‌ലാമിൽ അവരുടെ സ്ഥാനവും പദവിയും കലവറയില്ലാതെ അംഗീകരിക്കുന്നവരാണ് മുഅ്മിനുകൾ. അവർ വിശ്വാസികളുടെ അവലംബിക്കാവുന്ന ഇമാമുകളാണ് എന്ന വിശ്വാസമാണ് അവർക്കുള്ളത്. അല്ലാഹു സുബ്ഹാനഹു വ തആല ഖുർആനിലൂടെ പ്രശംസിക്കുകയും സ്വർഗം ലഭിക്കുമെന്ന് ആശംസിക്കുകയും ചെയ്ത മുഴുവൻ സ്വഹാബികളേയും സംശയലേശമെന്യെ അംഗീകരിക്കുക എന്നതാണ് മുസ്‌ലിം ലോകത്തിന്റെ ഏകകണ്ഠമായ തീരുമാനം. അല്ലാഹു സ്വഹാബത്തിനെ പരിചയപ്പെടുത്തിയത് ഇവ്വിധമാണ്:

كُنتم خير أُمة أُخرجت للناسِ تأمرونَ بِالْمعروف وتنهونَ عنِ الْمنكرِ وتؤمنونَ بِالله (آل عمران: 110)

മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. (ആലു ഇംറാൻ: 110)

ഒരു സൂക്തം കൂടി കാണുക:

وكَذَلك جعلْناكُم أُمةً وسطًا لتكُونوا شهداءَ علَى الناسِ ويكُونَ الرسولُ علَيكُم شهيدا (البقرة: 143)

അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി. (ബഖറ: 143)

സന്മാർഗികളായ സ്വഹാബത്തിനെ മനുഷ്യ സമൂഹത്തിലെ ഉൽകൃഷ്ടന്മാരും, പാരത്രിക നാളിൽ ജനങ്ങൾക്കു സാക്ഷിനിൽക്കുന്ന സത്യവ്രതന്മാരുമാക്കി എന്നത്രെ മേൽ സൂചിത സൂക്തം വ്യക്തമാക്കുന്നത്. സത്യത്തിൽ നിലകൊള്ളുന്ന മുസ്‌ലിം ഉമ്മത്തിനെ മൊത്തത്തിൽ ഉൾക്കൊള്ളുന്നതാണ് ഈ ആയത്തെങ്കിലും, അവരിലെ പ്രഥമ സ്ഥാനീയരും സംബോധിതരും സ്വഹാബികളാണ് എന്ന കാര്യത്തിൽ സന്ദേഹമില്ലാത്തതാണ്. അല്ലാഹു അവർക്ക് നൽകുന്ന മറ്റൊരു വാഗ്ദാനം വായിക്കുക:

وعد الله الذين آمنوا منكُم وعملُوا الصالحات لَيستخلفَنهم في الْأَرضِ كَما استخلَف الـذين مـن قَـبلهم ولَيمكنن لَهم دينهم الذي ارتضى لَهم ولَيبدلَنهم من بعد خوفهم أَمنا يعبدونني لَا يشرِكُونَ بِي شيئًا ومن كَفَر بعد ذَلك فَأُولَئك هم الْفَاسقُونَ (النور: 55)

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിന് ശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ. (നൂർ: 55)

വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനിൽ ആരേയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യുന്നവർക്ക് ഭൂമിയിൽ പ്രാതിനിധ്യവും സ്വാധീനവും നിർഭയത്വവും നൽകുമെന്ന ദൈവിക വാഗ്ദാനമാണ് മുകളിലെ വചനം പഠിപ്പിക്കുന്നത്. മേലെ വായിച്ച ഗുണങ്ങൾ മുഴുവനും ഒത്തിണങ്ങിയ പ്രഥമ സമൂഹം ആരാണ്? സംശയമില്ലാതെ പറയാം; പ്രവാചക തിരുമേനി(സ്വ)യുടെ സ്വഹാബത്തു തന്നെ. ''നിങ്ങളിൽ നിന്ന്'' എന്ന പ്രയോഗം അക്കാര്യം എടുത്തു കാണിക്കുന്നുമുണ്ട്.

അല്ലാഹുവിന്റെ വാഗ്ദാനം സത്യസന്ധമായി പുലർന്നിട്ടുണ്ട് എന്നതാണ് ചരിത്രം. സ്വഹാബത്തിന്റെ കൈകളിലൂടെ ഭൂമിയുടെ കിഴക്കും പടിഞ്ഞാറും ഇസ്‌ലാമിന് അധീനപ്പെട്ടു കിട്ടി. രാജ്യങ്ങളുടെ ഖലീഫമാരും നേതാക്കളുമായി അവർ വാണു. അല്ലാഹു പറഞ്ഞതു പോലെ, തങ്ങളുടെ മതത്തിന്റെ കാര്യത്തിൽ അവരുടെ നേതൃത്വം അങ്ങനെ സ്ഥിരീകരിക്കപ്പെട്ടു. പ്രവാചകന ശിഷ്യൻമാരഖിലം മുഅ്മിനുകളും സ്വാലിഹുകളുമായിരുന്നു എന്നതാണ് ആത്യന്തികമായ പാഠം.

2. വിശ്വാസികൾക്ക് പിന്തുടരാൻ യോഗ്യരായവർ

സ്വദേശം വെടിഞ്ഞ് മദീനയിലെത്തിയ മുഹാജിറുകളേയും, അവരെ എല്ലാം നൽകി സഹായിച്ച അൻസ്വാറുകളേയും ആശിർവദിച്ച അല്ലാഹു, സൽകർമ്മങ്ങളനുഷ്ഠിച്ചു കൊണ്ട് അവരെ അനുധാവനം ചെയ്ത വിശ്വാസികളേയും അനുമോദിച്ചിട്ടുണ്ട്. സഹാബികളെ നന്മകളിൽ പിന്തുടരുന്നതിലൂടെ അല്ലാഹുവിന്റെ പൊരുത്തവും സ്വർഗവുമാണ് മുഅ്മിനുകൾക്ക് ലഭ്യമാകുന്നത്. അല്ലാഹു പറയുന്നത് കേൾക്കുക:

والسابِقُونَ الْأَوَلُونَ من الْمهاجِرِين والْأَنصارِ والذين اتبعوهم بِإِحسان رضي الله عنهم ورضوا عنه وأعد لَهم جنات تجرِي تحتها الْأَنهار خالدين فيها أَبدا ذَلك الْفَوز الْعظيم (التوبة: 100)

മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം. (തൗബ: 100)

അതേ സമയം, സ്വഹാബത്തിന്റേതല്ലാത്ത മാർഗം സ്വീകരിക്കുന്നവർക്ക് നരകവും മോശമായ സങ്കേതവും ഫലമായി ലഭിക്കുമെന്ന താക്കീതും അല്ലാഹു നൽകുന്നുണ്ട്:

ومن يشاقِق الرسولَ من بعد ما تبين لَه الْهدى ويتبِع غَير سبِيلِ الْمؤمنِين نوله ما تولى ونصله جهنم وساءت مصيرا (النساء: 115)

തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം! (നിസാഅ്: 115)

3. വിശ്വാസികളുടെ പ്രാർഥനകൾക്ക് അർഹരായവർ

അല്ലാഹു സുബ്ഹാനഹു വ തആലാ ആശംസിക്കുകയും അനുമോദിക്കുകയും ചെയ്തവരാണ് സ്വഹാബികൾ എന്നതു കൊണ്ടു തന്നെ, അവർ മുഴുവനും സത്യവിശ്വാസികളുടെ ആദരവിന്നു പാത്രമാകണം എന്നതാണ് അഹ്‌ലുസ്സുന്നത്തിന്റെ നിലപാട്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അവരിൽ വർഷിക്കാനും, അവന്റെ പാപമോചനം അവർക്ക് സിദ്ധിക്കാനും പ്രാർഥിക്കേണ്ടവരാണ് മുസ്‌ലിംകൾ. സ്വഹാബത്തിനോടുള്ള യഥാർഥ വിശ്വാസികളുടെ സമീപനം ഏതു വിധത്തിലായിരിക്കുമെന്ന് താഴെ കാണുന്ന ആയത്ത് വിശദീകരിക്കുന്നുണ്ട്:

والذين جاءُوا من بعدهم يقُولُونَ ربنا اغْفر لَنا ولإِخوانِنا الذين سبقُونا بِالْإِيمان ولَا تجعلْ في قُلُوبِنا غلا للذين آمنوا ربنا إِنك رءُوف رحيم (الحشر: 10)

അവരുടെ ശേഷം വന്നവർക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു. (ഹശ്ർ: 10)

4. സ്വഹാബികൾ മഹാന്മാർ പക്ഷെ, മഅ്സൂമുകളല്ല

അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ വിശ്വാസമാണിത്. അല്ലാഹുവിനാൽ ആശിർവദിക്കപ്പെട്ട നബിശിഷ്യമാരെ മഹാൻമാരായി കാണുകയും അവരുടെ ഇമാമത്തിനെ അംഗീകരിക്കുകയും ചെയ്യുന്ന വിശ്വാസികൾ പക്ഷെ, പ്രാവാചകന്മാരെപ്പോലെ പാപസുരക്ഷിതരാണ് സ്വഹാബികൾ എന്ന് വാദിക്കുന്നവരല്ല. ആർക്കും വന്നുഭവിക്കാവുന്ന കുറ്റങ്ങളും കുറവുകളും അവരിലും സംഭവിക്കാവുന്നവയാണ്. എന്നാൽ, അവരുടെ ജീവിതത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട് എന്നതിന്റെ പേരിൽ അവരെ നിന്ദിക്കുവാനോ, പാടെ തിരസ്കരിക്കുവാനൊ പാടുള്ളതല്ല. വിശ്വാസത്തിൽ സത്യസന്ധരായിരുന്നു പ്രവാചക സഹാബികൾ എന്ന സാക്ഷ്യപത്രം അവർക്ക് ലഭിച്ചിട്ടുള്ളത് സർവശക്തനായ റബ്ബിൽ നിന്നാണ്. അല്ലാഹു പറഞ്ഞു:

وَلَقَد صدقَكُم الله وعده إِذْ تحسونهم بِإِذْنِه حتى إِذَا فَشلْتم وتنازعتم في الْأَمرِ وعصيتم من بعد ما أَراكُم مـا تحبونَ منكُم من يرِيد الدنيا ومنكُم من يرِيد الْآخرةَ ثُم صرفَكُم عنهم ليبتليكُم ولَقَد عفَا عنكُم والله ذُو فَضلٍ علَى الْمؤمنِين (آل عمران: 152)

അല്ലാഹുവിന്റെ അനുമതി പ്രകാരം നിങ്ങളവരെ കൊന്നൊടുക്കിക്കൊണ്ടിരുന്നപ്പോൾ നിങ്ങളോടുള്ള അല്ലാഹുവിന്റെ വാഗ്ദാനത്തിൽ അവൻ സത്യം പാലിച്ചിട്ടുണ്ട്. എന്നാൽ നിങ്ങൾ ഭീരുത്വം കാണിക്കുകയും, കാര്യനിർവഹണത്തിൽ അന്യോന്യം പിണങ്ങുകയും, നിങ്ങൾ ഇഷ്ടപ്പെടുന്ന നേട്ടം അല്ലാഹു നിങ്ങൾക്ക് കാണിച്ചുതന്നതിന് ശേഷം നിങ്ങൾ അനുസരണക്കേട് കാണിക്കുകയും ചെയ്തപ്പോഴാണ് (കാര്യങ്ങൾ നിങ്ങൾക്കെതിരായത്.) നിങ്ങളിൽ ഇഹലോകത്തെ ലക്ഷ്യമാക്കുന്നവരുണ്ട്. പരലോകത്തെ ലക്ഷ്യമാക്കുന്നവരും നിങ്ങളിലുണ്ട്. അനന്തരം നിങ്ങളെ പരീക്ഷിക്കുവാനായി അവരിൽ (ശത്രുക്കളിൽ) നിന്ന് നിങ്ങളെ അല്ലാഹു പിന്തിരിപ്പിച്ചുകളഞ്ഞു. എന്നൽ അല്ലാഹു നിങ്ങൾക്ക് മാപ്പ് തന്നിരിക്കുന്നു. അല്ലാഹു സത്യവിശ്വാസികളോട് ഔദാര്യം കാണിക്കുന്നവനാകുന്നു. (ആലു ഇംറാൻ: 152)

സ്വഹാബികളുടെ ജീവിതത്തിലുണ്ടായ ഒരു വീഴ്ചയെ ചൂണ്ടിക്കാണിക്കുകയും അവർക്ക് തന്റെ കാരുണ്യമായി മാപ്പു നൽകിയിരിക്കുന്നൂ എന്ന് പ്രഖ്യാപിക്കുകയും ചെയ്ത അല്ലാഹു, അവർ തന്റെ ഔദാര്യമായ മാപ്പിന്നർഹരായിത്തീർന്നത് സത്യവിശ്വാസികളായതു കൊണ്ടായിരുന്നൂ എന്ന് സൂചിപ്പിക്കുകയാണ് ഈ സൂക്തത്തിലൂടെ. സ്വഹാബത്തിന്റെ മഹത്വത്തിനുള്ള മികച്ച ദൈവിക സർട്ടിഫിക്കറ്റാണ് ഇത്.